LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 11,39,000 രൂപയും (പതിനൊന്നു ലക്ഷത്തി മുപ്പത്തിയൊൻപതിനായിരം രൂപ മാത്രം) പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 10,71,250 രൂപയും (പത്തുലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുനൂറ്റിയൻപത് രൂപ) ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

ചികിത്സാ ധനസഹായം

131 (5536) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പിൽ നിന്ന് ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചു എന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പേരാവൂർ നിയോജകമണ്ഡലത്തിൽ 2009-2010 വർഷത്തിൽ അനുവദിച്ച ചികിത്സാ സഹായധനം വിതരണം ചെയ്യാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമനമ്പർ	നിയോജകമണ്ഡലം	എണ്ണം	തുക
1	തളിപ്പറമ്പ്	180	1009908
2	അഴീക്കോട്	58	379500
3	കണ്ണൂർ	39	224000
4	പയ്യന്നൂർ	415	2632990
5	ഇരിക്കൂർ	55	375500
6	പെരിങ്ങളം	16	86000
7	പേരാവൂർ	30	181500
8	എടക്കാട്	43	188500
9	തലശ്ശേരി	39	205992
10	കൂത്തുപറമ്പ്	21	177500
	ആകെ	896	5461390

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമനമ്പർ	നിയോജകമണ്ഡലം	അനുവദിച്ച തുക
1	തളിപ്പറമ്പ്	1,02,100
2	പേരാവൂർ	4,81,720
3	നോർത്ത് വയനാട്	54,250
4	ഇരിക്കൂർ	2,19,270
5	പയ്യന്നൂർ	1,11,000
6	കൂത്തുപറമ്പ്	1,32,050
	ആകെ	11,00,390

ജില്ലയിലെ മറ്റ് നാല് നിയോജകമണ്ഡലങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്തിട്ടില്ല.

(ബി) ഇല്ല.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്ക് ഏർപ്പെടുത്തിയ സാമ്പത്തിക സഹായങ്ങൾ

132 (5537) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടകവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം സഹായങ്ങളാണ് പുതുതായി ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള സാമ്പത്തിക സഹായങ്ങളിൽ എന്തെല്ലാം വർദ്ധനവുണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്ക് ഏർപ്പെടുത്തിയ സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൽ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി പുതുതായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.†

(ബി) വിശദാംശം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.†

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly